# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വളപട്ടണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## കണ്ണൂർ

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി.7/1032/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയതി: 09/09/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളപട്ടണം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി.7/1032/25 തീയ്യതി: 09/09/2025

# കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-07-2024 മുതൽ 08-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജ്യോതിഷ് കുമാർ.സി.വി. | ഡെപ്യൂട്ടി ഡയറക്ടർ | 09-06-2025 | 18-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-06-2025 | 18-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.സുരേഷ് ബാബു.കെ.വി, ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്,
2.ശ്രീമതി ഷിജില.വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

3.ശ്രീ കനകരാജൻ ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
4.ശ്രീ അഭിഷേക്.കെ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷമീമ പി.പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അബ്ദുൾ ഖാദർ ടി.പി | സെക്രട്ടറി | 01-04-2024 | 23-05-2024 |
| ശ്രീമതി നായർ നിത കൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-05-2024 | 31-07-2024 |
| ശ്രീ അബ്ദുൾ ഖാദർ ടി.പി | സെക്രട്ടറി | 01-08-2024 | 05-09-2024 |
| ശ്രീമതി നായർ നിത കൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2024 | 17-09-2024 |
| ശ്രീ രാഹുൽ രാമചന്ദ്രൻ | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശിൽപ കെ.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2024 | 31-03-2025 |
| ഡോ.സോനു ബി നായർ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 01-04-2024 | 15-07-2024 |
| ഡോ.സജീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ,എഫ് എച്ച് സി | 16-07-2024 | 31-03-2025 |
| ഡോ.മിഥുൻ പി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.സിമി എം.കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.ജ്യോതിസ് വി.പി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി റമീസ ഇ.എം | കൃഷി ഓഫീസർ | 01-04-2024 | 09-04-2024 |
| ശ്രീ ആദർശ് കെ.കെ | കൃഷി ഓഫീസർ | 22-04-2024 | 09-03-2025 |
| ശ്രീമതി റമീസ ഇ.എം | കൃഷി ഓഫീസർ | 10-03-2025 | 21-03-2025 |
| ശ്രീ ആദർശ് കെ.കെ | കൃഷി ഓഫീസർ | 22-03-2025 | 31-03-2025 |
| ശ്രീമതി സുനന്ദ എം.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഡാലിയമോൾ കെ സ്റ്റീഫൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 14-04-2024 |
| ശ്രീമതി സനിത എം | ഐ സി ഡി എസ് സൂപ്പർവൈസർ | 15-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി നായർ നിത കൃഷ്ണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

10.04.2024 തീയതി മുതൽ 21.04.2024 തീയതി വരെയുള്ള കാലയളവിൽ കൃഷി ഓഫീസർ തസ്തികയിൽ ആരും ചാർജ് എടുത്തിട്ടില്ല.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയ തുക ഭാവിയിൽ വായ്പയെടുക്കുമ്പോൾ ക്രമീകരിക്കാനുതകുന്ന വിധം വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 1-1-4 |
| 6 | വർഷാന്ത്യ സ്റ്റോക്ക് - ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | വെഹിക്കിൾ ഫോർ ഓഫീസ് യൂസ് എന്ന ഹെഡിൽ ഡിപ്രീസിയേഷൻ പ്രതിഫലിച്ചിട്ടില്ല. | 1-1-7 |
| 9 | അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | B-9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ച തുകകൾ യഥാ സമയം സർക്കാരിലേക്ക് അടവാക്കുന്നില്ല | 1-1-9 |
| 11 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-2-1 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ഗ്രാമസഭ | 1-11 |
| 22 | വസ്തു നികുതി പരിഷ്കരണം-നടപടിക്രമങ്ങൾ പൂർത്തീയാക്കിയിട്ടില്ല. | 1-12 |
| 23 | സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (സർക്കാർ,എയ്ഡഡ് ഒഴികെയുള്ളവ) വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-13 |
| 24 | വേക്കൻസി റമിഷൻ അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-14 |
| 25 | അനധികൃത കെട്ടിട നിർമ്മാണം-തുടർനടപടികൾ സ്വീകരിക്കുന്നില്ല. | 1-15 |

| | | |
|---|---|---|
| 26 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-16 |
| 27 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-17 |
| 28 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല | 1-18 |
| 29 | പഴയ പഞ്ചായത്ത് വാഹനങ്ങൾ നിരാകരണം ചെയ്യുവാൻ യഥാസമയം നടപടി സ്വീകരിച്ചില്ല. വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു. | 1-19 |
| 30 | കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് വകുപ്പിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ സ്ഥിരനിക്ഷേപം പിൻവലിച്ചു. പലിശയിനത്തിൽ ₹2,15,959യുടെ കുറവുണ്ടായി. | 1-20 |
| 31 | വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ആവശ്യത്തിന് പണം ലഭിക്കാത്ത സ്ഥിതി. ചെക്കുകൾ നൽകിയിട്ടും ₹1,36,68,843 പിൻവലിക്കാനായില്ല. | 1-21 |
| 32 | സർക്കാരിലേക്ക് അടവാക്കിയ തുകകളുടെ കൈപ്പറ്റ് രസീത് ലഭ്യമല്ല - ₹130000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 33 | ഫെസ്റ്റിവെൽ അഡ്വാൻസ് ക്രമീകരിച്ചില്ല. | 1-23 |
| 34 | തെരുവ് വിളക്ക് റിപ്പയർ (എഎംസി)- രജിസ്റ്ററുകളും രേഖകളും ലഭ്യമാക്കിയില്ല. | 1-24 |
| 35 | എ ബി സി പ്രോഗ്രാം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 36 | പഞ്ചായത്ത് ലൈബ്രറി ടോയ്ലെറ്റിൽ നാപ്കിൻ വെൻഡിംഗ് ആൻഡ് ഡിസ്ട്രോയിംഗ് മെഷീൻ പ്രവർത്തനരഹിതം- ₹44514യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 37 | വേസ്റ്റ് ബിൻ സ്ഥാപിക്കൽ – വിതരണ രേഖകൾ ലഭ്യമാക്കിയില്ല - ₹9600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 38 | പത്താമുദയം - രേഖകൾ ലഭ്യമായില്ല- ₹3900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 39 | തുടർവിദ്യാഭ്യാസ പരിപാടി- ₹13800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 40 | ഞങ്ങളും കൃഷിയിലേക്ക്- അടുക്കളത്തോട്ട വികസനം-വാങ്ങിയ സാധനങ്ങളുടെ യൂണിറ്റ് കോസ്റ്റ് അധിക നിരക്ക്- ₹92690യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 41 | ലൈഫ് ഭവനം പ്രോജക്ട് നിർവ്വഹണത്തിലെ അപാകം | 1-31 |
| 42 | മരുന്നുകൾ ലഭ്യമായില്ല- മുൻകൂർ നൽകിയ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 43 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രൊജക്ട്- മരുന്നുകളും ഉപകരണങ്ങളും ലഭിക്കാൻ ബാക്കി- ₹113449 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 44 | ഫാമിലി ഹെൽത്ത് സെന്റർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നില്ല. | 1-34 |
| 45 | വളപട്ടണം ഗ്രാമപഞ്ചായത്ത് -ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-35 |
| 46 | വളപട്ടണം ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി അവലോകനം | 1-36 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1239980യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -₹7250960 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 12-05-2025 തീയതിയിലെ 104/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 16-05-2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
09.09.2025

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

I. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

Ii. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

Iii. തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കിന്റെ ഭാഗമാക്കിയിട്ടില്ല.

## 1-1-3 വായ്പ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തിയ തുക ഭാവിയിൽ വായ്പയെടുക്കുമ്പോൾ ക്രമീകരിക്കാനുതകുന്ന വിധം വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

വായ്പയിനത്തിൽ തുക ഒടുക്കാനില്ലാതിരുന്നിട്ടും വികസന ഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ട് പ്രകാരം തൻവർഷം ₹60091 ഉറവിടത്തിൽ നിന്നും കുറവു വരുത്തിയിട്ടുണ്ട്. ഇപ്രകാരം കുറവ് ചെയ്ത തുക ഭാവിയിൽ വായ്പയെടുക്കുമ്പോൾ ക്രമീകരിക്കാനുതകുന്ന വിധം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വായ്പ ഇല്ലാത്ത സാഹചര്യത്തിൽ വികസന ഫണ്ടിൽ നിന്നും വായ്പ ഇനത്തിൽ കുറവ് വരുത്തിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-4 ഭൂമിയുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ (ബി-11 ഷെഡ്യൂളിൽ) ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 വർഷാന്ത്യ സ്റ്റോക്ക് - ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-1-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് 9/24, 3/25 എന്നീ മാസങ്ങളിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നം./തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക (₹) |
|---|---|---|
| | | |

| | | |
|---|---|---|
| 110100101-Property Tax On Residential Buildings | 431100101/06.09.2024 | 943,689.00 |
| 10100102-Property Tax On Non Residential Buildings | 431100101/31.03.2025 | 9,884.00 |
| 10100102-Property Tax On Non Residential Buildings | 431100101/31.03.2025 | 16,322.00 |

## 1-1-7 വെഹിക്കിൾ ഫോർ ഓഫീസ് യൂസ് എന്ന ഹെഡിൽ ഡിപ്രീസിയേഷൻ പ്രതിഫലിച്ചിട്ടില്ല.

മുൻവർഷ എ.എഫ്.എസ് B-11(E) Schedule പ്രകാരം Vehicle For Office Use ഇനത്തിലെ തുക ₹796853 യാണ്. തൻവർഷ എ.എഫ്.എസ് B-11(E) Schedule പ്രകാരവും ആയത് ₹796853 തന്നെയാണ്. ആയതിൽ ഡിപ്രീസിയേഷൻ പ്രതിഫലിച്ചിട്ടില്ല.

## 1-1-8 അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-9 B-9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ച തുകകൾ യഥാ സമയം സർക്കാരിലേക്ക് അടവാക്കുന്നില്ല

B-9 Schedule പ്രകാരമുള്ള താഴെപ്പറയുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു.

| ഹെഡ്ഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200119 | Recoveries Payable – Covid | 104400 |
| 350300101 | Government And Other Dues Payble-Library Cess | 146584 |
| 350300112 | Value Of Court Fee Stamp | 710 |

മേൽ തുകകൾ തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-1 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ചു വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ.(ആർ.ടി)നം.3291/2016/LSGD തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 06.02.2024 തീയതിയിലെ യോഗത്തിലെ 16/2024 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശിപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 12.02.2024 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ 31/2024) 13.02.2024 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 32/2024 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ

അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 05.03.2025 തീയതിയിലെ യോഗത്തിലെ 24/2025 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ നൽകുകയും 06.03.2025 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 42/2025 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ₹ | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 1,49,39,378 | 1,88,71,979 |
| വരവ് | 5,66,38,985 | 4,79,67,705 |
| ആകെ | 7,15,78,363 | 6,68,39,684 |
| ചെലവ് | 5,98,81,972 | 5,27,46,255 |
| നീക്കിയിരിപ്പ് | 1,16,96,391 | 1,40,93,429 |

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേക യോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. എന്നാൽ ഗ്രാമപഞ്ചായത്ത് ബജറ്റ് അവതരിപ്പിച്ചതും പാസ്സാക്കിയതും ഭരണസമിതിയുടെ സാധാരണ യോഗത്തിലാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,62,40,336 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,68,92,105 |
| ആകെ | ₹5,31,32,441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,56,52,125 |
| നീക്കിയിരിപ്പ് | ₹1,74,80,316 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹707953 |

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇനങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽപട്ടികയിൽ പരാമർശിച്ച വരവു ചെലവുകൾ യഥാർത്ഥ വരവ് ചെലവുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | | 0 | 5152000 | 5152000 | 5152000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 389000 | 389000 | 381700 | 7300 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | | 0 | 1348000 | 1348000 | 380244 | 967756 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | | 0 | 6610000 | 6610000 | 5100897 | 1509103 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഗ്രാന്റ് | ബാങ്ക് | 41,66,211 | 2058500 | 6224711 | 810728 | 5413983 |
| | ട്രഷറി | 0 | 650986 | 650986 | 192461 | 458525 |
| സെൻട്രൽ ഫിനാൻസ് | ബാങ്ക് | 10,58,300 | 1036245 | 2094545 | 1114175 | 980370 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്-ബേസിക്ക് | ട്രഷറി | 0 | 23909 | 23909 | 23909 | 0 |
| സ്വച്ഛഭാരത് അഭിയാൻ | | 0 | 182516 | 182516 | 182516 | 0 |
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ | | 279871 | 11306 | 291177 | 0 | 291177 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | | 11,49,012 | 418873 | 1567885 | 368494 | 1199391 |
| ലൈബ്രറി ഗ്രാന്റ് | | 19,471 | 42700 | 62171 | 54922 | 7249 |
| സാക്ഷരത | | 1,160 | 47 | 1207 | 0 | 1207 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | | 3,22,231 | 0 | 3,22,231 | 0 | 3,22,231 |
| ഹെൽത്ത് ഗ്രാന്റ് – ബിൽഡിംഗ് ലെസ്സ് സബ്സെന്ററേർസ് | | 2803900 | 78121 | 2882021 | 0 | 2882021 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | | 3,38,632 | 242512 | 581144 | 327548 | 253596 |
| ഹെൽത്ത് ഗ്രാന്റ്– പി.എച്ച്.സി. കളെ വെൽനസ് സെന്ററുകളാക്കി ഉയർത്തുന്നതിന് | | 1,67,749 | 412742 | 580491 | 116328 | 464163 |
| നഗരസഞ്ചയ ഫണ്ട് | | 0 | 143100 | 143100 | 143100 | 0 |

**വിവിധ ഗ്രാന്റുകൾ ലഭ്യമായതിന്റെയും ഗ്രാന്റ് അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകങ്ങൾ (ഗ്രാന്റ് പത്രിക പ്രകാരമുള്ള) താഴെ ചേർക്കുന്നു.**

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ് ഉള്ളത്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. സർക്കാർ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന ജി.ഒ.പ്രോജക്ടുകളുടെ വകയിരുത്തൽ തുക ഉൾപ്പെടാതെ ചെലവ് മാത്രമാണ് 2024-25 സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നത്. വകയിരുത്തൽ തുക സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ 2023-24 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു, ധനകാര്യ കമ്മീഷൻ ടൈഡ്, ബേസിക് ഗ്രാന്റുകളുടെ 2020-21 മുതൽ ചെലവഴിക്കാതെ സർക്കാരിൽ നീക്കിയിരിപ്പുള്ള തുകകൾ എന്നിവയും തൻവർഷം അലോട്ട്മെന്റായി ലഭിക്കുകയുണ്ടായി.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ ₹168139 വരവായി എസിആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എസിആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ്, ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള കണക്കുകൾക്ക് വിധേയമായിട്ടുമാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 169 | 48523509 | 134 | 21379686 | 106 | 29 | 34 | 63 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 1140744 | 994547 | 87.18 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 372550 | 320347 | 85.99 |
| മെഡിക്കൽ ഓഫീസർ, എഫ്എച്ചസി | 27 | 22 | 4738058 | 2961926 | 62.51 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 470000 | 446915 | 95.09 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 1040000 | 927040 | 89.14 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 9 | 8658872 | 2836205 | 32.75 |
| ഐസിഡിഎസ് സൂപ്പർവൈസർ | 17 | 16 | 2604667 | 1597651 | 61.34 |
| സെക്രട്ടറി | 40 | 27 | 9524351 | 2665888 | 27.99 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 52 | 37 | 19830567 | 8500523 | 42.87 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 143700 | 128644 | 89.52 |
| ആകെ | 169 | 134 | 48523509 | 21379686 | 44.48 |

കുറിപ്പ്: ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ സുലേഖ ചെലവ് പത്രികയിലെ ചെലവു ശതമാനം കൂടിയിട്ടുണ്ട്.

വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ 121/2024/DPC/DPO/KNR തീയതി 27.07.2024 നമ്പർ ഉത്തരവു പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ 64 സ്പിൽ ഓവർ പ്രോജക്കുകളും 105 പുതിയ പ്രോജക്കുകളും ഉൾപ്പെടെ ആകെ 169 പ്രോജക്കുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ ₹285619274 ആണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണ സമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസന രേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തന ഘട്ടം | കമ്മിറ്റി തീരുമാനം നമ്പർ/ തീയതി |
|---|---|
| ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിച്ചു അംഗീകരിച്ചു | 199/2023, 29.11.2023 |
| ആസൂത്രണ സമിതി യോഗം | 199/2023, 29.11.2023 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 199/2023, 29.11.2023 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 06.12.2023 |

| | |
|---|---|
| കുട്ടികളുടെ ഗ്രാമസഭ | 08.12.2023 |
| ഭിന്നശേഷി ഗ്രാമസഭ | 04.12.2023 |
| വയോജന ഗ്രാമസഭ | 05.12.2023 |
| വികസനസെമിനാർ | 215/23, 23.12.2023, Dt. 04.01.2024 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു | 143/24, 25.09.2024 |
| ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു | 03/24, 10.01.2024 |
| വാർഷിക പദ്ധതി ഡിപിസി അംഗീകാരം (പ്രാഥമികം) | 03/24, 10.01.2024 |
| വാർഷിക പദ്ധതി ഡിപിസി അംഗീകാരം (അന്തിമം) | 121/24, 27.07.2024 |

**<u>പദ്ധതി നിർവ്വഹണം</u>**

അംഗീകാരം ലഭിച്ച 169 പ്രോജക്ടുകളിൽ 134 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 10 നിർവ്വഹണോദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി ₹48523509 വകയിരുത്തിയതിൽ ₹21379686 മാത്രമാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതി ചെലവ് ആകെ അടങ്കലിന്റെ 44% മാത്രം.

**<u>പദ്ധതി നിർവ്വഹണം - പഞ്ചായത്തിന്റെ പൊതുസമീപനം</u>**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമായ 2024-25 വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും അതിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയും ചെയ്തിരുന്നു. കാർഷിക മേഖലയിൽ പച്ചക്കറി കൃഷി, തെങ്ങ് കൃഷി എന്നിവയെ പ്രോൽസാഹിപ്പിയ്ക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ നടന്നത്. സാന്ത്വന പരിചരണം, മരുന്നു വാങ്ങൽ, പി എച്ച് സി യുടെ അടിസ്ഥാന വികസനം എന്നിവയായിരുന്നു ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ. ആരോഗ്യ ഗ്രാന്റ് (സ്കീം-1) വകയിരുത്തിയ വളപട്ടണം സബ്സെന്റർ പുതിയ കെട്ടിട നിർമ്മാണം പ്രോജക്ട് (173/25) തൻവർഷവും ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പാർപ്പിട മേഖലയിൽ ലൈഫ് പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ തൻവർഷം ഏറ്റെടുത്തിട്ടില്ല. വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ശുചിത്വം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും, അനുപൂരക പോഷക പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ 26 സ്പിൽ ഓവർ പ്രോജക്ടുകളും 26 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 52 പ്രോജക്ടുകളിൽ 37 എണ്ണത്തിന് മാത്രമെ തൻവർഷം ചെലവു വന്നിട്ടുള്ളൂ. റോഡ് നവീകരണത്തിനും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നിന്നും പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവ്വഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായിട്ടില്ലെന്നുള്ളത് വാർഷിക പദ്ധതികളുടെ ന്യൂനതയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ച ശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവ്വഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷിക പദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

**<u>വാർഷിക പദ്ധതി വിലയിരുത്തൽ</u>**

സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), അസിസ്റ്റന്റ് എഞ്ചിനീയർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രൊജക്ട് നിർവ്വഹണത്തിൽ ലക്ഷ്യമിട്ട പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വലിയ തുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിച്ച തുകകൾ കുറവായതിനാലാണ് വി.ഇ.ഒ.യുടെ ചെലവ് ശതമാനം കുറയാൻ കാരണമായത്. മേൽപ്പറഞ്ഞ കാരണങ്ങളെല്ലാം തന്നെ ആകെ ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കി. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

**<u>സഞ്ചിത നിധിയിലേയ്ക്ക് ₹1585159 തിരികെ എടുക്കപ്പെട്ടു.</u>**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ ₹1585159 സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തു.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക (സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്ത തുക) |
|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി. | 389000 | 381700 | 7300 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 449000 | 380244 | 68756 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 6610000 | 5100897 | 1509103 |
| ആകെ | | | 1585159 |

സ.ഉ.(കൈ)നം.79/2021/ധന തിയതി 15.07.2021 പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2024-25 വർഷം ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി, സംരക്ഷണ ഫണ്ട് (റോഡ്) ഇനങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിച്ചിട്ടുണ്ട്. എന്നാൽ സംരക്ഷണ ഫണ്ട് (നോൺ റോഡ്) ഇനത്തിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,02,000 | 5,02,000 | 5,02,000 | 0 |

ഗ്രാമപഞ്ചായത്തിൽ എം.എൻ.ആർ.ഇ.ജി.എസ്. വിഭാഗം പ്രവർത്തിക്കുന്നില്ല. കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള ജീവനക്കാരാണ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1 | 19200 |
| വിധവാ പെൻഷൻ | 261 | 4807800 |
| വാർദ്ധക്യ കാല പെൻഷൻ | 518 | 9790200 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 100 | 1837200 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 140000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.06.2025ന് ഉച്ചയ്ക്ക് ശേഷം 2.35 PM ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹895 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് ₹200 ഉൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കോഡ് – 460100102 കാണുക). ആകെ ക്യാഷ് നീക്കിയിരിപ്പ് ₹1095 ആണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങളിലേക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മറ്റികൾ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി.ആർ.7 എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്യുപെൻസിക്കു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ

സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിച്ചിട്ടുള്ള വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കാനാവാത്ത അതീവ ഗുരുതര സ്ഥിതിവിശേഷം മറികടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നത് വരെയുള്ള) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള 2 പരാമർശങ്ങളും (08/2022 TO 09/2022 വരെയുള്ള കാലയളവിലെ 01/22- 26.10.2022 നമ്പർ റിപ്പോർട്ട്) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ (2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ Audit-1/AMG-1/HG111/1/C-3/8A/35/2021-22/19-27/05/2022 നമ്പർ റിപ്പോർട്ട്) 2 തടസ്സങ്ങളും തീർപ്പാക്കുവാൻ ബാക്കിയുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2024-25 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ 2023 ഡിസംബർ മാസത്തിൽ ചേരുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തിൽ 2024 ജൂലായ്, സെപ്തംബർ, ഡിസംബർ മാസങ്ങളിലായി ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മാലിന്യ സംസ്കരണം, 2022-23 ഓഡിറ്റ് റിപ്പോർട്ട് മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്ട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം-നടപടിക്രമങ്ങൾ പൂർത്തീയാക്കിയിട്ടില്ല.

22.03.2023ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. വളപട്ടണം ഗ്രാമപഞ്ചായത്ത് ജി ഐ എസ് മാപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം നേരത്തെ തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയതും, ലഭ്യമാക്കിയിട്ടുള്ള 43 9ബി ഫോറങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതുമായ അധിക നിർമ്മാണങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജി ഐ എസ് മാപ്പിംഗ് സാങ്കേതികവിദ്യ മുഖേന ശേഖരിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും ടി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന മുറയ്ക്ക് പത്ത് ശതമാനത്തിൽ കുറയാത്ത എണ്ണം കെട്ടിടങ്ങളുടെ വിവരം അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ നേരിട്ടു പരിശോധന നടത്തി വിവരങ്ങൾ അവരുടെ ലോഗിനിലൂടെ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ആയത് പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/12.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (സർക്കാർ,എയ്ഡഡ് ഒഴികെയുള്ളവ) വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01.04.2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ വകുപ്പ് റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01.04.2023 മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സർക്കാർ, എയ്ഡഡ് ഒഴികെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതുണ്ട്. വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ നിന്നും താജുൽ ഉലൂം EMHSS, വളപട്ടണം, ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വളപട്ടണം എന്നീ സ്കൂളുകൾ 2024-25 സാമ്പത്തിക വർഷം പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നുണ്ട്. പ്രസ്തുത സ്കൂളുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയതായിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ച സർക്കാർ, എയ്ഡഡ് ഒഴികെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഡിമാന്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/12.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയിൽ നിന്നും വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വേക്കൻസി റമിഷൻ അനുവദിച്ചത് ക്രമപ്രകാരമല്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21 (ബി) പ്രകാരം ഒഴിവായി കിടക്കുന്ന കെട്ടിടത്തിനു നികുതി ഇളവ് ചെയ്ത് കൊടുക്കുമ്പോൾ നികുതി ഇളവ് ചെയ്ത് കിട്ടുന്ന കാലം കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ, കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്കു നികുതി ഇളവ് ചെയ്ത് കൊടുക്കുമ്പോൾ മേൽ ചട്ടത്തിന് വിരുദ്ധമായാണ് നികുതി ഇളവ് ചെയ്തതായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഉടമ | അപേക്ഷ തീയതി | നികുതി ഇളവ് ചെയ്ത് കൊടുത്ത കാലയളവ് | | നികുതി ഇളവ് ചെയ്ത് കൊടുക്കേണ്ട കാലയളവ് |
|---|---|---|---|---|---|
| 4/48A | മാങ്കീൽ രോഹിണി | 16.11.2024 | 01.10.2024 | 31.03.2025 | 16.11.2024 – 31.03.2025 |
| 7/178 D | ജി ബി വേണുഗോപാൽ, ഹരികൃഷ്ണൻ | 21.10.2024 | 01.10.2024 | 31.03.2025 | 21.10.2024 – 31.03.2025 |
| 7/178 ഇ | ജി ബി വേണുഗോപാൽ, ഹരികൃഷ്ണൻ | 21.10.2024 | 01.10.2024 | 31.03.2025 | 21.10.2024 – 31.03.2025 |
| 7/178 എഫ് | ജി ബി വേണുഗോപാൽ, ഹരികൃഷ്ണൻ | 21.10.2024 | 01.10.2024 | 31.03.2025 | 21.10.2024 – 31.03.2025 |
| 7/178 എച്ച് | ജി ബി വേണുഗോപാൽ, ഹരികൃഷ്ണൻ | 21.10.2024 | 01.10.2024 | 31.03.2025 | 21.10.2024 – 31.03.2025 |
| 10/252 | മുഹമ്മദ് പാഷ സി ടി | 23.01.2025 | 01.10.2024 | 31.03.2025 | 23.01.2025-31.03.2025 |
| 10/137 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/204 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/205 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/206 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/207 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/209 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |

| | | | | | |
|---|---|---|---|---|---|
| 9/210 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/211 | മാനേജർ, ഫൈബർ ഫോം | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 10/137A | മാനേജിംഗ് ഡയറക്ടർ, അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 10/137 B | മാനേജിംഗ് ഡയറക്ടർ, അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 10/137C | മാനേജിംഗ് ഡയറക്ടർ, അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 10/137D | മാനേജിംഗ് ഡയറക്ടർ, അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 10/137E | മാനേജിംഗ് ഡയറക്ടർ, അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/208 | പി വി രാഘവൻ മാനേജിംഗ് ഡയറക്ടർ അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |
| 9/209 | പി വി രാഘവൻ മാനേജിംഗ് ഡയറക്ടർ അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | 13.02.2025 | 01.10.2024 | 31.03.2025 | 13.02.2025 – 31.03.2025 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/17.06.2025) മറുപടിയായി അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു 2023-24 സാമ്പത്തിക വർഷം മുതൽ വേക്കൻസി റെമിഷൻ അനുവദിച്ച് വരുന്നുണ്ടെന്നും 2024-25 സാമ്പത്തിക വർഷം പ്രസ്തുത കെട്ടിടം അടഞ്ഞു കിടക്കുകയായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ 20.02.2025 ൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 119/25 നമ്പർ തീരുമാനത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഒഴിവായി കിടക്കുന്ന കെട്ടിടത്തിനു നികുതി ഇളവ് ചെയ്ത് കൊടുക്കുമ്പോൾ നികുതി ഇളവ് ചെയ്ത് കിട്ടുന്ന കാലം ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ, കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നോ ആ തീയതി മുതൽ കണക്കാക്കി നികുതി നിർണ്ണയത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിട നിർമ്മാണം-തുടർനടപടികൾ സ്വീകരിക്കുന്നില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ വളപട്ടണം ഗ്രാമപഞ്ചായത്തിൽ 7 അനധികൃത നിർമ്മാണങ്ങളുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | UA10/172 എ | ഇരുമ്പിന്റകത്ത് പുതിയപുരയിൽ സുഹറ | പാർപ്പിടാവശ്യം |
| 2 | UA 10/236എ | ഇബ്രാഹിം കോയക്കുട്ടി തങ്ങൾ | പാർപ്പിടാവശ്യം |
| 3 | UAC10/ 172 സി | വാഴവളപ്പിൽ സജ്ന | പാർപ്പിടാവശ്യം |
| 4 | UA7/163 A | മൊട്ടമ്മൽ പ്രകാശൻ | വാണിജ്യം |
| 5 | UA8/65A | കെ പി ബുഷ്റ നൗഷാദ് | പാർപ്പിടാവശ്യം |
| 6 | UAC11/32A | റെജിന ഹഫീസ്, ചെപ്പിലാട്ട് ഷെമീർ | പാർപ്പിടാവശ്യം |
| 7 | UA 4/102എ | വി.പി.ജാസ്മിൻ | പാർപ്പിടാവശ്യം |

പട്ടികയിൽ കൊടുത്ത കെട്ടിടങ്ങളും ജി ഐ എസ് മാപ്പിംഗ് പ്രകാരം കണ്ടെത്തിയതുമായ അനധികൃത നിർമ്മാണങ്ങളും ക്രമവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/12.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി ക്രമവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) കളരി വാതുക്കൽ ക്ഷേത്രം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 27-ാം നമ്പറായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്ഷേത്രത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സമ്പൂർണ ഡാറ്റാ ബേസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ നിരവധി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|
| വെസ്റ്റേൺ സോമിൽ ആന്റ് വുഡ് ഇൻഡസ്ട്രീസ് | 3 |
| സ്റ്റാൻഡേർഡ് എൻജിനീയറിംഗ് വർക്ക് ഷോപ്പ് | 3 |
| കോഹിനൂർ സോമിൽ | 4 |
| വാൾമാക്ക് പ്ലൈ ആന്റ് ഹാർഡ്‌വേർസ് | 5 |

| | |
|---|---|
| ശ്രീ ഐശ്വര്യ പോളിസാക്ക്സ് | 7 |
| സതേൺ വെനിർസ് ആന്റ് വുഡ് വർക്ക്സ് ലിമിറ്റഡ് | 4 |
| ഉക്കാഷ (ഫർണ്ണിച്ചർ വിൽപ്പന) | 21 |
| ഷോപ്രിക്ക്സ് | 40 |
| സിയാൻ പ്ലൈവുഡ്സ് | 6 |
| ന്യൂ പ്രീമിയർ സോമിൽ | 4 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/13.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2024-25 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകൾ, മറ്റ് ലൈസൻസ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

**1. എഫ് ടി ഇ & ഒ എസ് ലൈസൻസ് ചുമത്തിയതിലെ അപാകം** – ₹1700 യുടെ നഷ്ടം

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്ററർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് ഫീ സ്ലാബുകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

| ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര്/ സ്ഥാപന വിവരം | രേഖപ്പെടുത്തിയ മൂലധന നിക്ഷേപം (രൂപയിൽ) | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) | ഈടാക്കേണ്ട ലൈസൻസ് ഫീ (രൂപയിൽ) | വ്യത്യാസം (രൂപയിൽ) |
|---|---|---|---|---|---|---|
| 146 | 1/107 എ,ബി | ശ്രീജിത്ത്/ ഗ്രീൻ ഷോർ ട്രേഡേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 50 ലക്ഷം | 500/1230102842, 22.03.2024 | 1000 | 500 |
| 203 | 7/177 | സിയാന നാസർ/ ഫ്രൂട്ട് ഐസ് | 10 ലക്ഷം | 300/1240100332, 13.06.2024 | 500 | 200 |
| 271 | 11/ 333 | സഫ്വാൻ കെ എ / ഈസ്റ്റ് ഇന്ത്യ ട്രേഡിംഗ് | 17 ലക്ഷം | 500/1240100786, 25.09.2024 | 1000 | 500 |
| 272 | 10/199,200 | സഫ്വാൻ കെ എ/ ഈസ്റ്റ് ഇന്ത്യ ട്രേഡിംഗ് | 17 ലക്ഷം | 500/1240100890, 08.10.2024 | 1000 | 500 |
| ആകെ | | | | | | 1700 |

ലൈസൻസ് ഫീസിനത്തിലുണ്ടായ ₹1700 യുടെ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

**2. സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ രജിസ്ട്രേഷൻ**

1994 ലെ പഞ്ചായത്ത് രാജ് നിയമം (വകുപ്പുകൾ 269 മുതൽ 271 വരെ) പ്രകാരവും 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരവും സ്വകാര്യ ആശുപത്രികളും സ്വകാര്യ

പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടി എടുക്കേണ്ടതാണ്.
2024-25 വർഷം ലൈസൻസ് രജിസ്റ്റർ പ്രകാരം പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയതായി/എടുത്തതായി കാണുന്നില്ല.

| വാർഡ് | ബിൽഡിംഗ് നമ്പർ | ഉടമ | സ്ഥാപനം |
|---|---|---|---|
| 8 | 176 സി | ഷഹനാസ് എ | സൈക്കോളജി ക്ലിനിക്ക് |

3. പരിശോധനയ്ക്ക് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് സമ്പൂർണ്ണമല്ല. ആയത് ഭരണസമിതി അംഗീകരിച്ചിട്ടുമില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 വാടക ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുമ്പോൾ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പിലെ 1-ാം ഉപവകുപ്പ്, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ 7-ാം ചട്ടം എന്നിവ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് വാടക ബൈലാ തയ്യാറാക്കി ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. മേൽ നിർദ്ദേശങ്ങൾ പ്രകാരം വാടക ബൈലോ തയ്യാറാക്കി ഇതുവരെയായും അംഗീകാരം വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/12.06.2025) മറുപടിയായി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങി വിവരം അറിയിക്കേണ്ടതാണ്.

## 1-19 പഴയ പഞ്ചായത്ത് വാഹനങ്ങൾ നിരാകരണം ചെയ്യുവാൻ യഥാസമയം നടപടി സ്വീകരിച്ചില്ല. വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു.

വളപട്ടണം ഗ്രാമപഞ്ചായത്ത് 16.01.2007 ന് ഓഫീസ് ആവശ്യങ്ങൾക്ക് വേണ്ടി മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡ് എന്ന കമ്പനിയുടെ KL 13 R 3660 നമ്പർ ജീപ്പ് വാങ്ങിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പുതിയ ബോലേറോ ജീപ്പ് (KL-13 AR 9581) 14.09.2020 തീയതിയിൽ വാങ്ങിയിരുന്നെങ്കിലും പഴയ ജീപ്പ് (KL.13.R.3660) ഇപ്പോഴും ലേലം ചെയ്ത് കൈയൊഴിയാത്തത് ഗുരുതര വീഴ്ചയാണ്. പ്രസ്തുത വാഹനത്തിന് കാലപ്പഴക്കം സംഭവിച്ചതിനാൽ ആയത് നിരാകരണം ചെയ്യുന്നതിനു വേണ്ടി വാല്യുവേഷൻ സർട്ടിഫിക്കേറ്റ് അനുവദിക്കാൻ 17.08.2019 ലെ നം. എ1 കത്ത് മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മെക്കാനിക്കൽ സെക്ഷൻ, പി ഡബ്ല്യൂ ഡി യോട് ആവശ്യപ്പെട്ടിരുന്നു ആയതിന് മറുപടിയായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മെക്കാനിക്കൽ സെക്ഷൻ, പി ഡബ്ല്യൂ ഡി ജീപ്പിന്റെ വില നിർണ്ണയം നടത്തി (₹70,000) കെ.എഫ്.സി ഫോറം 21 മുഖേന അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നിരാകരണത്തിന് ശുപാർശ ചെയ്യപ്പെട്ട വാഹനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലെ സ്ഥാപനമായ M/S. MSTC മുഖേന E-Auction ചെയ്യേണ്ടതാണെന്ന് 28.10.2021 ലെ നം.99/2021/ഫിൻ (എക്സ്പെൻഡിച്ചർ-ബി) സർക്കുലർ മുഖേന ഉത്തരവായിട്ടുണ്ട്. 15 വർഷം രജിസ്ട്രേഷൻ കാലാവധി പൂർത്തിയായ വാഹനങ്ങൾ രജിസ്റ്റേർഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് സെന്റർ മുഖേന സ്ക്രാപ്പായി മാത്രമേ ഒഴിവാക്കാനാകൂയെന്നും നിലവിൽ കേരളത്തിൽ രജിസ്റ്റേർഡ് സ്ക്രാപ്പിംഗ് സെന്റർ ഇല്ലാത്തതിനാൽ ആയവ വന്നതിന് ശേഷം സർക്കാരിന്റെ സ്ക്രാപ്പിങ്ങ് നയങ്ങൾക്ക് വിധേയമായി ഉചിത മാർഗേന തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് 14.11.2023 ലെ LSGD/PD/40578/2023-GEB2 കത്ത് മുഖേന പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വാഹനം നിലവിൽ നിരാകരണം ചെയ്യാൻ പറ്റാതെ നശിച്ചു കൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/17.06.2025) മറുപടിയായി പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ് കത്തിൽ അറിയിച്ചതു പ്രകാരം കേരളത്തിൽ രജിസ്റ്റേർഡ് സ്ക്രാപ്പിംഗ് സെന്റർ ഇല്ലാത്തതിനാലാണ് ടി വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നതെന്നും സർക്കാർ നിർദ്ദേശം വരുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ സുസ്ഥിര പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന പദ്ധതി എന്ന പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാങ്ങിയ ഗുഡ്സ് ഓട്ടോറിക്ഷയും (KL.13.W.398) ഉപയോഗിക്കാത്തതിനാൽ നശിച്ച്

പോകുന്ന അവസ്ഥയിലാണ്. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വാഹനങ്ങൾ ലേലം ചെയ്ത് കൈയൊഴിയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് വകുപ്പിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ സ്ഥിരനിക്ഷേപം പിൻവലിച്ചു. പലിശയിനത്തിൽ ₹2,15,959യുടെ കുറവുണ്ടായി.

1996ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം നിക്ഷേപങ്ങൾ കാലാവധി തീരുന്നതിന് മുൻപ് പിൻവലിക്കുന്നതിന് സർക്കാർ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങിയിരിക്കേണ്ടതും അങ്ങനെയുള്ള അനുവാദം നൽകുന്നതിന് മുൻപായി ബന്ധപ്പെട്ട പഞ്ചായത്തിന്റെ അപ്പോഴത്തെ സാമ്പത്തിക പ്രയാസങ്ങൾ കണക്കിലെടുക്കേണ്ടതുമാണ്. എന്നാൽ സർക്കാർ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അംഗീകാരം വാങ്ങാതെയാണ് നിക്ഷേപങ്ങൾ കാലാവധി തീരുന്നതിന് മുൻപ് പിൻവലിച്ചത്. വളപട്ടണം ഗ്രാമപഞ്ചായത്തിന് വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുണ്ടായിരുന്ന 2 സ്ഥിരനിക്ഷേപങ്ങൾ കാലാവധി തികയും മുൻപ് ഭരണസമിതി തീരുമാനപ്രകാരം പിൻവലിച്ച് വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയുണ്ടായി. സ്ഥിരനിക്ഷേപങ്ങൾക്ക് ബാങ്ക് വാഗ്ദാനം ചെയ്ത വാർഷിക പലിശ നിരക്ക് 8.25 ശതമാനമായിരുന്നു. എന്നാൽ പിൻവലിച്ച സ്ഥിരനിക്ഷേപങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മാത്രമാണ് ബാങ്ക് പലിശ അനുവദിച്ചത്. കാലാവധി തീയതിക്ക് മുൻപ് സ്ഥിരനിക്ഷേപം പിൻവലിച്ചതിനാൽ കുറഞ്ഞ നിരക്കിൽ ബാങ്ക് പലിശ കണക്കാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് ₹2,15,959യുടെ കുറവ് ഉണ്ടായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | കാലാവധി തീയതി | പിൻവലിച്ച തീയതി | പിൻവലിച്ച തീയതിയിൽ ലഭിക്കേണ്ട പലിശ/ നിരക്ക് | ലഭിച്ച പലിശ/ നിരക്ക് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 101662 തീയതി 15.04.2024 ₹13322842 | 15.04.2025 | 28.01.2025 | 867262 (8.25% നിരക്കിൽ) | 683298 (6.5% നിരക്കിൽ 288 ദിവസത്തേക്ക്) | 183964 | 06.01.2025 തീയതിയിലെ 4/4/2025 നമ്പർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, 18.01.2025ലെ 01(1)/25 നമ്പർ ഭരണസമിതി തീരുമാനം |
| 105750 തീയതി 26.03.2024 ₹3415243 | 25.03.2025 | 13.09.2024 | 132001 (8.25% നിരക്കിൽ) | 100006 (6.25% നിരക്കിൽ 171 ദിവസത്തേക്ക്) | 31995 | 07.09.2024 തീയതിയിലെ 5/61/2024 നമ്പർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, 11.09.2024ലെ 139(1)/2024 നമ്പർ ഭരണസമിതി തീരുമാനം |
| ആകെ | | | | | 2,15,959 | |

സ്ഥിരനിക്ഷേപം പിൻവലിച്ചതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളും ഉണ്ട്.

1. വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള 15.04.2025 ന് കാലാവധി കഴിയുന്ന 101662 നമ്പർ ഫിക്സഡ് ഡെപ്പോസിറ്റിൽ നിന്നും ₹50,00,000 പിൻവലിച്ച് അതിൽ നിന്നും ₹25,00,000 ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള എസ് ബി അക്കൗണ്ട് നമ്പർ 1 ലേക്കും ₹25,00,000 ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നമ്പർ 11827 ലേക്കും മാറ്റുന്നതിനും നാളിത് വരെയുള്ള പലിശ സഹിതമുള്ള ബാക്കി തുക ഒരു വർഷത്തേക്ക് ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുന്നതിനുമാണ് ഭരണസമിതി തീരുമാനം. എന്നാൽ സ്ഥിരനിക്ഷേപം പിൻവലിച്ച് ₹4858947 എസ് ബി അക്കൗണ്ടിലേക്ക് മാറ്റുകയും ₹91,47,193 ഒരു വർഷത്തേക്ക് സ്ഥിരനിക്ഷേപമാക്കി മാറ്റുകയുമായണ് ചെയ്തത്. ₹25,00,000 ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നമ്പർ 11827 ലേക്ക് മാറ്റുന്നതിന് നൽകിയ 23872/24.01.2025 നമ്പർ ചെക്ക് ഇതുവരെയായും മാറിയിട്ടില്ല.

2. പുതുതായി 28.01.2025 തീയതിയിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപമായ ₹91,47,193യും (കാലാവധി തീയതി 28.01.2026) ആയതിന്റെ 28.01.2025 തീയതി മുതൽ 28.05.2025 തീയതി വരെയുള്ള പലിശ ₹251548യും ഉൾപ്പെടെ ₹93,98,741 കാലാവധിയെത്തും മുൻപ് പിൻവലിച്ച് (20.05.2025 തീയതിയിലെ ഭരണസമിതി തീരുമാനം) സെക്രട്ടിയുടെ പേരിലുള്ള ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നമ്പർ 11827 ലേക്ക് മാറ്റുന്നതിന് നൽകിയ 24546/31.05.2025 നമ്പർ ചെക്കും ഇതുവരെയായും മാറിയിട്ടില്ല.

രേഖാ മൂലവും വാക്കാലും പലതവണ ആവശ്യപ്പെട്ടിട്ടും തുക നാളിത് വരെയായി ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടില്ലെന്നും ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തുകകൾ ട്രാൻസ്ഫർ ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടെന്നും എസ് ബി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ്, പഞ്ചായത്തിന്റെ ദൈനംദിന ചെലവുകളും തനത് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകളും മറ്റും നടത്തുന്നതിന് തികയാത്ത വിധം കുറഞ്ഞപ്പോഴാണ് സ്ഥിര നിക്ഷേപങ്ങൾ കാലാവധി എത്തുന്നതിന് മുൻപായി പിൻവലിക്കേണ്ടി വന്നത് എന്നും സ്ഥിര നിക്ഷേപം കാലാവധി എത്തുന്നതിന് മുൻപായി പിൻവലിക്കുന്നതിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം സർക്കാർ ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അപ്രകാരം അനുമതി വാങ്ങാതെ സ്ഥിരനിക്ഷേപങ്ങൾ പിൻവലിച്ചതിനാൽ ആ കാര്യം മാപ്പാക്കി സാധൂകരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.06.2025) മറുപടി നൽകി. വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും നടപടിക്രമങ്ങൾ സംബന്ധിച്ച് വകുപ്പിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതുമാണ്.

## 1-21 വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ആവശ്യത്തിന് പണം ലഭിക്കാത്ത സ്ഥിതി. ചെക്കുകൾ നൽകിയിട്ടും ₹1,36,68,843 പിൻവലിക്കാനായില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിച്ചിരുന്നത് വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള (ലിമിറ്റഡ് നമ്പർ-എൽ.എൽ.242 മെയിൻ ശാഖ, വളപട്ടണം) എസ് ബി അക്കൗണ്ട് നമ്പർ 1 ലാണ്. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ഇടപാടുകളും തനത് ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളുടെ ചെലവുകളും വർഷങ്ങളായി നിർവ്വഹിച്ചു വരുന്നത് ഈ അക്കൗണ്ടിലൂടെയാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള സ്ഥിരനിക്ഷേപങ്ങളും പ്രസ്തുത ബാങ്കിൽ തന്നെയാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം ഇടപാടുകളും നടന്നു വന്നിരുന്നത് ഈ അക്കൗണ്ട് വഴിയായിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിലും നിലവിലും ഈ അക്കൗണ്ടിൽ നിന്നും പല ഘട്ടങ്ങളിലും പണം പിൻവലിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യമുണ്ടായി. തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ കോളനി റോഡ് മുതൽ പടിഞ്ഞാറുകോട്ടയിൽ ലൈൻ വരെ ടാറിംഗ് പ്രവൃത്തി (പ്രോജക്ട് നമ്പർ-136/25) പൂർത്തീകരിച്ചതിന്റെ ബിൽ പ്രകാരമുള്ള ₹294882 യുടെ ചെക്ക് (നമ്പർ 24058/10.032025) കരാറുകാരനായ ഷമൽ.ഇ. ക്ക് പാസ്സാക്കി നൽകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയെങ്കിലും ബാങ്ക് ഇതുവരെ പ്രസ്തുത തുക മാറി നൽകിയിട്ടില്ല. അത്യാവശ്യ ചെലുവകളുടെ നിർവ്വഹണത്തിനായി വളപട്ടണം സർവ്വീസ് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് ഇൻഡ്യൻ

ഓവർസീസ് ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് (നമ്പർ-1001000011827) 30 ലക്ഷം രൂപ മാറ്റുന്നതിന് നൽകിയ താഴെപ്പറയുന്ന ചെക്കുകളും ബാങ്ക് ഇതുവരെ മാറി നൽകിയിട്ടില്ല.

| ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| 22610/15.07.2024 | 500000 |
| 23872/24.01.2025 | 2500000 |
| ആകെ | 3000000 |

28.01.2025ന് നിക്ഷേപിച്ച സ്ഥിരനിക്ഷേപമായ ₹91,47,193 യും (കാലാവധി തീയതി 28.01.2026) ആയതിന്റെ 28.01.2025 മുതൽ 28.05.2025 വരെയുള്ള പലിശ ₹251548 യും ഉൾപ്പെടെ ₹93,98,741 കാലാവധിയെത്തും മുൻപ് പിൻവലിച്ച് (20.05.2025ലെ ഭരണസമിതി തീരുമാനം) ഗ്രാമപഞ്ചായത്തിന്റെ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ 11827 നമ്പർ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നൽകിയ 24546/31.05.2025 നമ്പർ ചെക്കും ഇതുവരെയായും മാറി നൽകിയിട്ടില്ല. ചെക്ക് നമ്പർ 24544/16.05.2025, തുക ₹8,45,220 (ഇന്ത്യൻ ഓവർസീസ് ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി നൽകിയത്), ചെക്ക് നമ്പർ 24539/06.05.2025, തുക ₹1,30,000 (വാർഡ് സാനിറ്റേഷൻ ഫണ്ട്) എന്നിവയും ബാങ്ക് മാറി നൽകിയിട്ടില്ല. ഇപ്രകാരം ₹1,36,68,843 (294882+500000+2500000+9398741+ 845220+130000) പിൻവലിക്കുന്നതിന് നൽകിയ ചെക്കുകൾ പ്രകാരമുള്ള തുക ഇതുവരെയായും ഗ്രാമപഞ്ചായത്തിന് ബാങ്ക് നൽകിയിട്ടില്ല. വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് ആവശ്യാനുസരണം പണം പിൻലിക്കുവാൻ കഴിയാത്ത സ്ഥിതിയുള്ളതിനാൽ ഗ്രാമപഞ്ചായത്ത് നേരിടുന്നത് ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങളാണ്. വിഷയം ഭരണവകുപ്പിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന ഇടപാടുകൾക്ക് തടസ്സം നേരിടാതിരിക്കുവാനുള്ള ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-22 സർക്കാരിലേക്ക് അടവാക്കിയ തുകകളുടെ കൈപ്പറ്റ് രസീത് ലഭ്യമല്ല - ₹130000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2024-25 സാമ്പത്തിക വർഷം സർക്കാരിലേക്ക് തനത് ഫണ്ടിൽ നിന്നും അടവാക്കിയ ചുവടെ കൊടുത്ത തുകകളുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് വിവരം |
|---|---|---|
| 22400297/16.08.2024 | 100000 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന |
| 22400776/02.02.2025 | 30000 | തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ അക്കൗണ്ടി ലേക്ക് അടവാക്കിയ തുക |
| ആകെ | 130000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/17.06.2025) മറുപടിയായി പ്രസ്തുത ചെലവുകളെല്ലാം NEFT മുഖേനയാണ് അടവാക്കിയെതെന്നും ആയതിന്റെ UTR നമ്പർ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും CMDRF വൈബ്സൈറ്റിൽ നിന്നും കൈപ്പറ്റ് രസീത് ലഭ്യമാകാത്തതിനാൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ചെലവുകളുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കാത്തതിനാൽ ₹130000യുടെ (100000+30000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഫെസ്റ്റിവെൽ അഡ്വാൻസ് ക്രമീകരിച്ചില്ല.

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2023-24 വർഷം അനുവദിച്ച ഫെസ്റ്റിവെൽ അഡ്വാൻസിൽ (വൗച്ചർ നം.22300378/23.08.2023) ₹20000 നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫെസ്റ്റിവെൽ അഡ്വാൻസ് യഥാസമയം ക്രമീകരിക്കാത്തതിന്റെ കാരണവും ആയത് ക്രമീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരവും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (16/12.06.2025) മറുപടിയിൽ മേൽ പ്രകാരം തുക കൈപ്പറ്റിയ അസിസ്റ്റന്റ് സെക്രട്ടറി മരണപ്പെട്ടതിനാൽ ടെർമിനൽ സറണ്ടർ അനുവദിക്കുന്ന തുകയിൽ നിന്നും ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് റിപ്പയർ (എഎംസി)- രജിസ്റ്ററുകളും രേഖകളും ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 113/25, തെരുവു വിളക്ക് റിപ്പയർ (സ്പിൽ ഓവർ) |
| അടങ്കൽ | ₹2,17,000 (തനത് ഫണ്ട്) |
| ചെലവ് | ₹173149 |
| ബിൽ നമ്പർ | 117/19.9.2024 - ₹103180<br>357/20.3.2025 – ₹69969 |

തെരുവു വിളക്ക് റിപ്പയർ എഎംസി മുഖാന്തരം നടപ്പാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള മേൽ പ്രോജക്ടിന്റെ പ്രവൃത്തിക്കായി ടെണ്ടർ പരസ്യപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജനീവൻ വി.എം, ഗ്ലോബൽ അസോസിയേറ്റ്സ് എന്ന വ്യക്തിക്കാണ് പ്രവൃത്തി കൈമാറിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1. ബിൽ നമ്പർ 117/19.09.2024 പ്രകാരം 148 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ₹103180 യും ബിൽ നമ്പർ 357/20.03.2025 പ്രകാരം 87 തെരുവു വിളക്കുകൾക്കായി ₹69969യും കരാറുകാരന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ച് ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

2. പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ലഭ്യമാകുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ജി-2-44274/2015 തീയതി 17.08.2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് സൂക്ഷിച്ചിട്ടില്ല.

3. വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന തെരുവു വിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്. ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/12.06.2025) വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന തെരുവുവിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി. ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും പഞ്ചായത്ത് ഡയറക്ടറുടെ ജി-2-44274/2015 തീയതി 17.08.2015 സർക്കുലറിൽ നിർദ്ദേശിക്കുന്ന രീതിയിലുള്ള രജിസ്റ്റർ തയ്യാറാക്കി തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച ചെലവുകൾ സുതാര്യമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-25 എ ബി സി പ്രോഗ്രാം-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എ ബി സി പ്രോഗ്രാം - ജില്ലാപഞ്ചായത്തിന് വിഹിതം കൈമാറൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 17/25, എ ബി സി പദ്ധതിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹100000 (തനത് ഫണ്ട്) |
| ചെലവ് | ₹100000, ബിൽ നമ്പർ 365/21.03.2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/12.06.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 പഞ്ചായത്ത് ലൈബ്രറി ടോയ്‌ലെറ്റിൽ നാപ്കിൻ വെൻഡിംഗ് ആൻഡ് ഡിസ്ട്രോയിംഗ് മെഷീൻ പ്രവർത്തനരഹിതം- ₹44514യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | 110/25, പഞ്ചായത്ത് ലൈബ്രറി ടോയ്‌ലെറ്റിൽ നാപ്കിൻ വെൻഡിംഗ് ആൻഡ് ഡിസ്ട്രോയിംഗ് മെഷീൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹94,000<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | ₹44514, ബിൽ നമ്പർ 330/12.03.2025 |

പഞ്ചായത്ത് ലൈബ്രറി ടോയ്‌ലെറ്റിൽ നാപ്കിൻ വെൻഡിംഗ് ആൻഡ് ഡിസ്ട്രോയിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി നാപ്കിൻ ഇൻസിനേറ്റർ, നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നിവ വാങ്ങി സ്ഥാപിക്കുന്നതിനായി റെയ്ഡ്കോ, കണ്ണൂരിന് ₹44514 നൽകിയിട്ടുണ്ട്. പ്രസ്തുത ഇൻസിനറേറ്റർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/12.06.2025) ടോയ്‌ലെറ്റിലെ ചുമരിൽ സദാസമയവും ഈർപ്പം നിലനിൽക്കുന്നതിനാൽ പ്രവർത്തിപ്പിക്കാനാകുന്നില്ലെന്നും മറ്റൊരു ടോയ്‌ലെറ്റിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഇൻസിനറേറ്റർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ ₹44514 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വേസ്റ്റ് ബിൻ സ്ഥാപിക്കൽ – വിതരണ രേഖകൾ ലഭ്യമാക്കിയില്ല - ₹9600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വേസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 166/25 മാലിന്യമുക്തം - ഘടകസ്ഥാപനങ്ങളിലും സ്കൂളുകളിലും വേസ്റ്റ് ബിൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹75132 (CFC Tied)<br>₹868 (തനത് ഫണ്ട്)<br>ആകെഃ ₹76000 |
| ചെലവ് | ₹74400 (CFC Tied) |
| ബിൽ നമ്പർ | 268/20.02.2025 – ₹31200<br>366/21.03.2025 – ₹43200 |

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിലും സ്കൂളുകളിലും ശുചിത്വമിഷൻ നിർദ്ദേശപ്രകാരമുള്ള വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടത്. റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സുകൾ പ്രകാരം 62 വേസ്റ്റ് ബിന്നുകൾ (@1200) വാങ്ങുന്നതിന് ₹74400 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 54 വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (12/08.10.2024) 8 വേസ്റ്റ് ബിന്നുകൾ വിതരണം ചെയ്തിട്ടില്ലെന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിതരണരേഖകളുടെ അഭാവത്തിൽ 8 വേസ്റ്റ് ബിന്നുകളുടെ വിലയായ ₹9600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 പത്താമുദയം - രേഖകൾ ലഭ്യമായില്ല- ₹3900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 13/25 - പത്താമുദയം-സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹50000 – തനത് ഫണ്ട് |
| ചെലവ് | ₹3900, ബിൽ നമ്പർ: 276/27.02.2025 |

പത്താമുദയം - സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് രണ്ട് പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി ₹3900 കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.06.2025) കൈപ്പറ്റ് രശീതി ലഭ്യമായിട്ടില്ലെന്നും പഠിതാക്കളുടെ പരീക്ഷ നടന്നിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ₹3900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 തുടർവിദ്യാഭ്യാസ പരിപാടി- ₹13800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 11/25 - തുടർവിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹20000 – തനത് ഫണ്ട് |
| ചെലവ് | ₹13800, ബിൽ നമ്പർ: 277/27.02.2025 |

കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന ഹയർസെക്കന്ററി തുല്യതാ കോഴ്സിൽ (പ്ലസ് വൺ) ആറ് പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി ₹13800 കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പരീക്ഷ നടന്നിട്ടുണ്ടെങ്കിൽ പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതിയിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.06.2025) കൈപ്പറ്റ് രശീതി ലഭ്യമായിട്ടില്ലെന്നും പഠിതാക്കളുടെ പരീക്ഷ നടന്നിട്ടില്ലെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. മേൽ രേഖകളുടെ അഭാവത്തിൽ ₹13800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഞങ്ങളും കൃഷിയിലേക്ക്- അടുക്കളത്തോട്ട വികസനം-വാങ്ങിയ സാധനങ്ങളുടെ യൂണിറ്റ് കോസ്റ്റ് അധിക നിരക്ക്- ₹92690യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 45/25, ഞങ്ങളും കൃഷിയിലേക്ക് - അടുക്കളത്തോട്ട വികസനം |
| അടങ്കൽ | ₹72540 (വികസന ഫണ്ട്)<br>₹20150 (ഗുണഭോക്തൃ വിഹിതം)<br>ആകെ: ₹92690 |
| ചെലവ് | ₹72540, ബിൽ നമ്പർ: 300/07.03.2025<br>₹20150, വൗച്ചർ നമ്പർ: 22400891/07.03.2025<br>ആകെ: ₹92690 |

ഗുണഭോക്താക്കളായ 130 കുടുംബങ്ങൾക്ക് പച്ചക്കറിത്തൈകൾ 31 എണ്ണം വീതവും മണ്ണിര കമ്പോസ്റ്റ് (10 Kg), ചകിരി കമ്പോസ്റ്റ് (6 Kg), സൂഡോമോണസ് (1 Kg), രക്ഷ (1 Bottle-80g), വാം (1kg), സൂക്ഷ്മമൂലക ലായനി (1 Bottle-150 Ml) എന്നിവ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് പ്രകാരം ലക്ഷ്യമിട്ടത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.115/2022/ തസ്വഭവ തീയതിഃ 28.05.2022) ഖണ്ഡിക 3-1 പ്രകാരം മാർഗ്ഗരേഖയിൽ നിശ്ചയിക്കാത്ത ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയുടെ നം. 707/2022/ഡിപിസി/ഡിപിഒ/കെഎൻആർ/14.8.23 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ആസ്തികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള യൂണിറ്റ് കോസ്റ്റും മേൽ പ്രോജക്ടിനായി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വാങ്ങിയ ചില ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റും വ്യത്യാസപ്പെട്ടിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| വാങ്ങിയ ഇനം | ഇൻവോയ്സ് നമ്പർ | എണ്ണം | യൂണിറ്റ് കോസ്റ്റ് | ആകെ നൽകിയ തുക | ആസൂത്രണസമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് |
|---|---|---|---|---|---|
| ചകിരി കമ്പോസ്റ്റ് (1 Kg) | 408/K/00286/ 2024-25 29.01.2025 | 780 | 25 | 19500 | 17/Kg |
| വാം (1kg) | 408/K/00285/ 2024-25 29.01.2025 | 130 | 100 | 13000 | 85/Kg |
| രക്ഷ (80g) | 204/K/00171/ 2024-25 24.01.2025 | 130 | 60 | 7800 | 60/150g |

കണ്ണൂർ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/17.06.2025) സർക്കാർ സ്ഥാപനമായ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ഗുണനിലവാരം കൂടിയ ഉല്പന്നങ്ങൾ വാങ്ങിയതിനാലാണ് അധിക നിരക്ക് നൽകേണ്ടി വന്നതെന്നാണ് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുള്ളത്. കണ്ണൂർ ജില്ലാ ആസുത്രണസമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിനേക്കാൾ അധികമായി തുക നൽകി ഉല്പന്നങ്ങൾ വാങ്ങിയതിനാൽ ₹92690 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ലൈഫ് ഭവനം പ്രോജക്ട് നിർവ്വഹണത്തിലെ അപാകം

വളപട്ടണം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി വീടു വെയ്ക്കുന്നതിനും, ഭവനരഹിതർക്ക് വീടു വെയ്ക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനുള്ള പ്രൊജക്ടാണിത്. പ്രോജക്ട് പ്രകാരം ഭൂരഹിത ഭവനരഹിതരായ 9 പേർക്ക് ഭൂമി വാങ്ങുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായവും, ഭവന നിർമ്മാണം ആരംഭിച്ച് വിവിധ ഘട്ടങ്ങൾ പൂർത്തിയായവർക്ക് ധനസഹായവും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ, പേര് | 23/25, ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | ₹1038200 (വികസന ഫണ്ട്, പൊതു വിഭാഗം)<br>₹1500000 (സംസ്ഥാനാവിഷ്കൃതം)<br>₹2500000 (ബ്ലോക്ക് പഞ്ചായത്ത്)<br>₹2000000 (ജില്ലാ പഞ്ചായത്ത്)<br>**ആകെ: ₹7038200** |
| ചെലവ്/ബിൽ നമ്പർ | 1) ₹300000 (248/27.01.2025)<br>2) ₹500000 (303/07.03.2025)<br>3) ₹100000 (304/07.03.2025)<br>4) ₹60000 (319/10.03.2025)<br>5) ₹400000 (Allotment No. 176/2.12.2024) |

| | |
|---|---|
| | 6) ₹400000 (Allotment No. 177/02.12.2024)<br>7) ₹40000 (Allotment No. 179/02.12.2024)<br>₹200000 (BRN. 241901520135004896 32/01.08.2024)<br>₹67980 (BRN. 241901520135007346 10/03.10.2024)<br>**ആകെ: ₹2067980** |

ഭൂമി വാങ്ങിയ 9 ഗുണഭോക്താക്കളിൽ 6 പേർക്ക് 3 സെന്റ് ഭൂമി വീതം നൽകിയിട്ടുള്ളത് ആയിഷ ചാരിറ്റബിൾ ട്രസ്റ്റ്, തന്നട എന്ന സ്ഥാപനമാണ്. പ്രസ്തുത ഭൂമിയുടെ വിലയായി 12 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും ഭൂമി നൽകിയപ്പോൾ ഭൂമി നിശ്ചിത വിലയ്ക്ക് നൽകുവാൻ സമ്മതമാണെന്നുള്ള ഭൂമി നൽകുന്നയാളിൽ നിന്നുള്ള സമ്മതപത്രം പ്രകാരവും ആധാരത്തിലും 3 സെന്റ് ഭൂമി നൽകിയതായി വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ലൈഫ് മാനദണ്ഡ പ്രകാരം (G.O.(MS) No. 112/2020/LSGD, Dtd. 27.07.2020) ഭവന നിർമ്മാണത്തിന് കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം. എന്നാൽ സഫിയ ബി.പി എന്നവർക്ക് അനുവദിച്ച ഭൂമിയുടെ അളവ് ബന്ധപ്പെട്ട രേഖകൾ (ഭൂനികുതി രശീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്) പ്രകാരം 2.62 സെന്റ് മാത്രമാണുള്ളത്. ആധാരത്തിൽ 3 സെന്റ് ഭൂമി 2 ലക്ഷം രൂപയ്ക്ക് നൽകിയതായാണ് പറഞ്ഞിട്ടുള്ളതെങ്കിലും 2.62 ഭൂമിയാണ് മറ്റ് രേഖകളിൽ കാണുന്നത്. ആയതിനാൽ 2.62 സെന്റ് ഭൂമിക്ക് ആനുപാതികമായ തുക (₹174666) നൽകുന്നതിനു പകരം മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

2) അഞ്ച് പേരിൽ കൂടുതൽ പേർക്ക് ഒരേ സ്ഥല ഉടമ ഭൂമി നൽകുമ്പോൾ തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന പർച്ചേസ് കമ്മിറ്റി സ്ഥല ഉടമയുമായി നെഗോഷിയേറ്റ് ചെയ്ത് വില നിശ്ചയിക്കണമെന്ന് മാനദണ്ഡത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം വില നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.26/17.06.2025) മറുപടിയിൽ സഫിയ ബി.പി എന്നവരുടെ സ്ഥലത്തേക്ക് വഴി അനുവദിച്ചപ്പോൾ വഴിക്ക് വേണ്ടിയുള്ള സ്ഥലം അളന്നെടുക്കുമ്പോൾ കുറച്ചു സ്ഥലം അനുവദിച്ച ഭൂമിയിൽ നിന്നും നഷ്ടപ്പെട്ടതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ഭൂമി വാങ്ങുമ്പോൾ ലൈഫ് മാനദണ്ഡ പ്രകാരം നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഭവന നിർമ്മാണത്തിന് കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും വേണമെന്ന നിബന്ധന പാലിക്കുന്നതിനായി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-32 മരുന്നുകൾ ലഭ്യമായില്ല- മുൻകൂർ നൽകിയ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഹോമിയോ ഡിസ്പെൻസറിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റിൽ വകയിരുത്തിയ ₹200000 പ്രഫോർമ ഇൻവോയ്സിന്റെ (847/11.12.2024) അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) ന് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്റ്റ് നമ്പർ/പേര് | 7/25, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹200000 (സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ചെലവ് (എ.സി.ആർ. പ്രകാരം) | ₹200000 (ബിൽ നമ്പർ 247/27.01.2025) |

മേൽ പ്രകാരം നൽകിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (14/12.06.2025) മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രൊജക്ട്- മരുന്നുകളും ഉപകരണങ്ങളും ലഭിക്കാൻ ബാക്കി- ₹113449 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| പ്രൊജക്ട് നമ്പർ/പേര് | 62/25, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രൊജക്ട് 2024-25 |
| അടങ്കൽ | ₹300000 (വികസന ഫണ്ട്)<br>₹293850 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹338250 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെഃ ₹932100 |
| ചെലവ് | ₹261050 (വികസന ഫണ്ട്)<br>₹204847 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹268848 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെഃ ₹734745 |

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി മുൻകൂർ തുക നല്കിയിട്ടുണ്ട്. പ്രസ്തുത മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല. മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ബിൽ നമ്പർ/ തീയതി | തുക | സാധനം | തുക നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| BRN 24190152015601474674/ 06.03.2025 | ₹160092 | മരുന്നുകൾ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | ₹65498 യുടെ മരുന്നുകൾ മാത്രമേ ലഭ്യമായുള്ളൂ |
| BRN 24190152015601484999/ 10.03.2025 | ₹25496 | ഉപകരണ ങ്ങൾ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | ₹6641 യുടെ ഉപകരണങ്ങൾ മാത്രമേ ലഭ്യമായുള്ളൂ. |
| **ആകെ** | **₹185588** | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/16.06.2025) മേൽ രണ്ട് പ്രോഫോർമ ഇൻവോയ്സുകളിലുമായി ₹72139 യുടെ മരുന്നുകളും ഉപകരണങ്ങളും മാത്രമേ ഇതുവരെ ലഭ്യമായിട്ടുള്ളൂ എന്നും ബാക്കിയുള്ളവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിലയായ ₹113449 യുടെ (185588-72139) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ഫാമിലി ഹെൽത്ത് സെന്റർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നില്ല.

2010 ലെ കേരളപഞ്ചായത്ത്രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന മുറയ്ക്ക് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫാറങ്ങളിൽ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി (സീനിയർ ഡെപ്യൂട്ടി

ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, ബി എസ് എൻ എൽ ഭവൻ മൂന്നാം നില, കണ്ണൂർ-1) ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ വളപട്ടണം ഗ്രാമപഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്റർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ 2014-15 മുതൽ 2024-25 വരെയുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/17.06.2025) വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18.01.2006ലെ നമ്പർ 42774/എം.3/05/ആരോഗ്യ കുടുബക്ഷേമ വകുപ്പ് കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 വളപട്ടണം ഗ്രാമപഞ്ചായത്ത് -ഹെൽത്ത് ഗ്രാന്റ് അവലോകനം

